# അക്കാദമിക മാസ്റ്റർ പ്ലാൻ

## സ്കൂൾ തലം 2025 - 2026



മുദ്ര

## ഗവ.എൽ.പി.എസ് കാട്ടാക്കട

# ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. മികവ് എന്നാൽ അക്കാദമിക മികവാണ്. അക്കാദമിക മികവിന്റെ കാര്യത്തിൽ കുറേക്കൂടി മുന്നേറാൻ സമഗ്ര ഗുണമേന്മ വർഷമായ 2025 ജൂൺ 26 ൽ ഓരോ കുട്ടിയും അത് ക്ലാസിൽ നേടണമെന്ന ഉദ്ദേശ്യത്തോടെ പാഠ്യപദ്ധതി വിഭാവനം ചെയ്ത പഠന ലക്ഷ്യങ്ങൾ ഞങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുന്നു. കുട്ടികളുടെ സമഗ്ര വികാസത്തിൽ ശാരീരിക ബൗദ്ധിക മാനസിക വൈകാരിക സാമൂഹിക വികാസ മേഖലകളുടെ ശാസ്ത്രീയവും പ്രായത്തിന് ഗുണകരമായ വളർച്ചയുമാണ് ലക്ഷ്യം വഹിക്കുന്നത്. കേവലം വിവരങ്ങളുടെ ശേഖരണവും അറിവിന്റെ ഉത്പാദനവും മാത്രമായി വിദ്യാഭ്യാസം പരിമിതപ്പെടുത്തുന്നില്ല. കുട്ടികളുടെ ചിന്താമണ്ഡലത്തിൽ വിവേകത്തിന്റെയും ചിന്തയുടെയും സ്പുരണങ്ങൾ സൃഷ്ടിക്കുക, ജീവിതം കെട്ടിപ്പെടുക്കുക എന്ന ലക്ഷ്യങ്ങളോടുകൂടി ഞങ്ങൾ അക്കാദമിക മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നു. പരീക്ഷയെ മാത്രം നേരിടേണ്ട ഒന്നല്ല സമൂഹത്തിൽ എങ്ങനെ ജീവിക്കണം എങ്ങനെ പെരുമാറണം എന്നുള്ളതിന്റെ പരിശീലന കളരി കൂടിയായ വിദ്യാലയങ്ങളിൽ ജനാധിപത്യം ,മതനിരപേക്ഷത തുടങ്ങിയവ വികസിക്കുന്നതിന് സമൂഹത്തിൽ കാണുന്ന തെറ്റായ പ്രവണതയ്ക്ക് എതിരെയുള്ള നിലപാടുകൾ കൈക്കൊള്ളാനുള്ള പ്രാപ്തി നേടുന്നതിനും ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിലൂടെ ഞങ്ങൾ ലക്ഷ്യമിടുന്നു. വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, വ്യായാമം, ആരോഗ്യം, കായിക ക്ഷമത, ആഹാര ശീലം എന്നിവയെല്ലാം പരിഗണനാ വിഷയങ്ങൾ ആക്കി മാറ്റിയിട്ടുണ്ട്. പൊതുമുതൽ സംരക്ഷണം, നിയമവബോധം, കാലാവസ്ഥ മുൻകരുതൽ, ലഹരിക്കെതിരായ പ്രവർത്തനങ്ങൾ, റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, എന്നിവയെല്ലാം മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ലക്ഷ്യമിട്ടിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ കാട്ടാക്കട പട്ടണത്തിന് സമീപം സ്ഥിതി ചെയ്യുന്ന പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ മുതിയാവിള വാർഡിലാണ് കാട്ടാക്കട ഗവ.എൽ.പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. കാട്ടാക്കട വിദ്യാഭ്യാസ ഉപജില്ലയിലെ മികച്ച പ്രാഥമിക വിദ്യാലയങ്ങളിൽ ഒന്നാണിത്. പ്രവർത്തനങ്ങളിൽ പുലർത്തുന്ന മികവും വിദ്യാലയ അന്തരീക്ഷത്തിന്റെ ആകർഷണീയതയും സ്കൂളിന്റെ പുരോഗതിക്ക് കാരണമാകുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന ലക്ഷ്യത്തിൽ ഊന്നിയാണ് വിദ്യാലയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. പരിമിതമായ സ്ഥലസൗകര്യങ്ങളിലും വിദ്യാലയം ഒരുപാഠ പുസ്തകം എന്ന ആശയം പ്രാവർത്തികമാക്കുന്നുണ്ട് . കൃത്യമായി ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന പഠന പ്രവർത്തനങ്ങൾ, കലാകായിക, പ്രവൃത്തി പരിചയ ശാസ്ത്രമേഖലകളിലെ പരിശീലനങ്ങൾ, ശക്തമായ മോണിറ്ററിംഗ് സംവിധാനങ്ങൾ എന്നിവ വിദ്യാലയത്തെ പുരോഗതിയിലേക്ക് നയിക്കുന്നു. വിദ്യാർത്ഥികളിലെ സർവതോന്മുഖമായ വികസനം ലക്ഷ്യമാക്കി ആസൂത്രണം ചെയ്ത മുദ്ര എന്ന അക്കാദമിക മാസ്റ്റർ പ്ലാൻ ഈ വർഷത്തെ പാഠ്യപാഠ്യേതര വിഷയങ്ങൾക്ക് ഒരു മുതൽക്കൂട്ട് തന്നെയാണ്.

GLPS KATTAKADA

# ചരിത്രം.

കേരളത്തിന്റെ തെക്കേയറ്റത്ത് തിരുവനന്തപുരം ജില്ലയുടെ കിഴക്ക് ഭാഗത്ത് മലനിരകളാലും അരുവികളാലും വയലുകളാലും ചുറ്റപ്പെട്ട ദൈവത്തിന്റെ സ്വന്തം നാട് എന്ന പദത്തെ അന്വർത്ഥമാക്കുന്ന കാട്ടാക്കട താലൂക്ക് പണ്ടുമുതലേ വാണിജ്യത്തിന് പേരുകേട്ട തിരുവനന്തപുരം ജില്ലയിലെ രണ്ടാമത്തെ വലിയ മലഞ്ചരക്ക് വാണിജ്യ കേന്ദ്രവും ആണ്. പശ്ചിമഘട്ടത്തിലേക്കുള്ള പ്രവേശന കവാടമായി ഈ പ്രദേശം നിലകൊള്ളുന്നു. വിദ്യാഭ്യാസ മേഖലയിൽ അതിവേഗം വളർച്ച പ്രാപിക്കുന്ന തിരുവനന്തപുരത്തിന്റെ മുഖം എന്നാണ് കാട്ടാക്കട അറിയപ്പെടുന്നത്. വിദ്യാഭ്യാസ മുന്നേറ്റത്തിന് അര നൂറ്റാണ്ടിലധികം ആയി കാട്ടാക്കടയുടെ അഭിമാനമായ നിലകൊള്ളുന്നതാണ് ഗവ. എൽ.പി.എസ് എന്ന കാട്ടാക്കട എന്ന വിദ്യാലയം. ഇന്ത്യയിൽ ബ്രിട്ടീഷ് അധിനിവേശം അവസാനിച്ചിട്ടും സാമ്പത്തികമായും വിദ്യാഭ്യാസമായും സാംസ്കാരികപരമായും രാഷ്ട്രീയപരമായും പിന്നാക്കം നിന്നിരുന്ന കാട്ടാക്കട പ്രദേശം എന്നും കീഴാന്മാരുടെ ദേശം ആയി കുമ്പിളിൽ കഞ്ഞി കുടിക്കുന്ന കോരൻ സംസ്കാരം തന്നെ പിന്തുടർന്നു പോന്നു. ഈ പ്രദേശത്ത് 1910ൽ സ്ഥാപിക്കപ്പെട്ട സി എസ് ഐ സഭയുടെ വിദ്യാലയം 1958 ൽ കേരള എഡ്യൂക്കേഷൻ ആർട്ട് പ്രകാരം സർക്കാരിന് വിട്ടു നൽകുകയും പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ നക്രാഞ്ചിറ എന്ന പ്രദേശത്ത് ഗവ.എൽ. പി .സ്കൂൾ കാട്ടാക്കട എന്ന പേരിൽ പുനസ്ഥാപിക്കപ്പെടുകയും ചെയ്തു. ഈ വിദ്യാലയത്തിന് ആവശ്യമായ സ്ഥലം വിട്ടു നൽകിയത് പൂവച്ചൽ പഞ്ചായത്തിന്റെ ആദ്യ പ്രസിഡൻറ് ആയി തെരഞ്ഞെടുക്കപ്പെട്ട ശ്രീ മാധവൻ നായരുടെ ശ്രമഫലമായി അദ്ദേഹത്തിന്റെ ജ്യേഷ്ഠ സഹോദരനായിരുന്നു. അഞ്ചാംതരം വരെയായിരുന്നു അക്കാലത്ത് പഠനം നടത്തിയിരുന്നത്. കാട്ടാക്കടയിൽ നിന്നും വന്നതിനാൽ ഇന്നും ഈ വിദ്യാലയം കാട്ടാക്കട ഗവ. എൽ പി സ്കൂൾ എന്ന പേരിൽ തന്നെ അറിയപ്പെടുന്നു. ഓലഷെഡിൽ പ്രവർത്തനമാരംഭിച്ച വിദ്യാലയം അധ്യയനത്തിലും കുട്ടികളുടെ എണ്ണത്തിലും മികച്ചു നിന്നു. 1975 ൽ ചില വ്യക്തി തർക്കങ്ങളുടെ ഭാഗമായി ഉണ്ടായ തീപിടുത്തത്തിൽ വിദ്യാലയം ഭാഗികമായി നശിപ്പിക്കപ്പെട്ടു. വിദ്യാലയ രേഖകൾ പൂർണമായും നശിച്ചു. തുടർന്ന് കെട്ടിടം ആസ്ബറ്റോസ് ഷീറ്റ് ഉപയോഗിച്ച് മേയുകയുണ്ടായി. ഭൗതിക സാഹചര്യങ്ങളുടെ കുറവും ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള ജനങ്ങളുടെ പ്രതിപത്തിയും വിദ്യാലയത്തിന്റെ അധോഗതിക്ക് കാരണങ്ങളായി 2016 - 17 അധ്യയന വർഷമായപ്പോഴേക്കും കുട്ടികളുടെ എണ്ണം 36 ആവുകയും വിദ്യാലയം അടച്ചുപൂട്ടൽ ഭീഷണി നേരിടുകയും ചെയ്തു. ഗ്രാമപഞ്ചായത്തിന്റെയും അധ്യാപകരുടെയും അതിശക്തമായ ഒരു ഇടപെടൽ വിദ്യാഭ്യാസ ഭൗതിക കാര്യങ്ങളിൽ വന്നതിന്റെ ഫലമായി തുടർന്ന് വിദ്യാലയത്തിന്റെ വികസനം ആരംഭിച്ചു. ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങളിൽ ശ്രദ്ധേയ മാറ്റങ്ങൾ ഉണ്ടായി. അധ്യാപനത്തിന്റെ കാര്യത്തിലും പുരോഗതി ഉണ്ടായി.

**2020 - 21 അധ്യയന വർഷമായപ്പോൾ പ്രീ പ്രൈമറിയിലേത് ഉൾപ്പെടെ കുട്ടികളുടെ എണ്ണം 200 കവിഞ്ഞു.**

GLPS KATTAKADA

# ഗവ.എൽ .പി സ്കൂൾ കാട്ടാക്കട ഇന്ന്

പ്രഥമ അധ്യാപിക അഞ്ച് സ്ഥിര അധ്യാപകർ, ഒരു അറബിഭാഷ അധ്യാപകൻ , രണ്ട് പ്രീ പ്രൈമറി അധ്യാപകർ, ഒരു ആയ, ഒരു പി ടി സി എം, ഒരു പാചകക്കാരി എന്നിവർ അടങ്ങുന്ന സ്റ്റാഫ് ആണ് നിലവിലുള്ളത്. പ്രീ പ്രൈമറിയിലേത് ഉൾപ്പെടെ 165 വിദ്യാർത്ഥികൾ. അര ഏക്കറിൽ ഹരിതാഭമായ ക്യാമ്പസ്. സുന്ദരമായ ഒരുക്കിയ ജൈവവൈവിധ്യ ഉദ്യാനം, ശിശു സൗഹൃദ പാർക്ക്, സ്മാർട്ട് ക്ലാസ് മുറികൾ, 10 ലക്ഷം രൂപ ചെലവഴിച്ച നവീകരിച്ച കൂടാരം എന്ന പ്രീ പ്രൈമറി വിഭാഗം വിദ്യാലയത്തിന്റെ പ്രത്യേകതകളാണ്.

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിൻറെ പേര് | : ഗവ. എൽ. പി. എസ് കാട്ടാക്കട |
| മേൽവിലാസം | : ഗവ. എൽ.പി.എസ് കാട്ടാക്കട, കാട്ടാക്കട പി.ഓ, തിരുവനന്തപുരം |
| ഫോൺ | : 0471 2294045 |
| സ്കൂൾ കോഡ് | : 44306 |
| വിദ്യാഭ്യാസ ഉപജില്ല | : കാട്ടാക്കട |
| വിദ്യാഭ്യാസ ജില്ല | : ആറ്റിങ്ങൽ |
| റവന്യൂ ജില്ല | : തിരുവനന്തപുരം |
| ബി ആർ സി | : കാട്ടാക്കട |
| സി ആർ സി. | : തോട്ടംപാറ |
| ഗ്രാമപഞ്ചായത്ത് | : പൂവച്ചൽ |
| ബ്ലോക്ക് പഞ്ചായത്ത് | : വെള്ളനാട് |
| ജില്ലാ പഞ്ചായത്ത് | : തിരുവനന്തപുരം |
| നിയമസഭാ മണ്ഡലം | : അരുവിക്കര |
| ലോകസഭാ മണ്ഡലം | : ആറ്റിങ്ങൽ |
| താലൂക്ക് | : കാട്ടാക്കട |
| വില്ലേജ് | : വീരണകാവ് |
| ഈമെയിൽ | : **lpsktda@gmail.com** |
| ഫേസ്ബുക്ക് | : Govt Lps Kattakada |
| യൂട്യൂബ് | : വീടും കൂടും കുഞ്ഞാറ്റകളും |
| സ്കൂൾ വിക്കി | : 44306 |

GLPS KATTAKADA

# പൊതുലക്ഷ്യങ്ങൾ

*സ്കൂളിലെത്തുന്ന എല്ലാ കുട്ടികളും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക .

*എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ,അറബി ഭാഷകളിൽ എഴുതാനും വായിക്കുവാനുള്ള കഴിവ് നേടിയെന്ന് ഉറപ്പുവരുത്തുക.

*ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുക. *വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഉണ്ടാക്കുക.

*ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഫലപ്രദമായി ക്ലാസുകളിൽ ഉപയോഗിക്കുക.

*ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ട് ആയി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക് ഷീറ്റുകൾ തയ്യാറാക്കുക.

*വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവ് നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റുക.

*മാലിന്യമുക്ത വിദ്യാലയം, ഹരിത പെരുമാറ്റം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെൻറ് തുടങ്ങിയവ കൃത്യമായി നടപ്പിലാക്കുക

*കൃഷി, പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർഥികളുടെ കൂട്ടങ്ങൾ രൂപീകരിക്കുക.

*വിദ്യാലയം ഹൈടെക് ആക്കി മാറ്റുക.

GLPS KATTAKADA

# പരിമിതികൾ

## *ഭൗതിക പരിമിതികൾ*

*എല്ലാ കുട്ടികൾക്കും പ്രവർത്തന അധിഷ്ഠിതമായി അധ്യയനം നടത്തുന്നതിനുള്ള സുസജ്ജമായ ക്ലാസ് മുറികൾ അപര്യാപ്തമാണ്.

*കുട്ടികൾക്കായി ലൈബ്രറി, ലാബ് , കമ്പ്യൂട്ടർ ലാബ് എന്നിവ പ്രത്യേകമായി ഇല്ല.

*വായനാ മുറിയോ, ഊണു മുറിയോ ഇല്ല.

*കളിസ്ഥലങ്ങളും കളി ഉപകരണങ്ങളും ഇല്ല.

*ക്ലാസുകളിൽ വേണ്ടത്ര ഫർണിച്ചറുകൾ, കുട്ടികളുടെ പഠന സാമഗ്രികൾ സൂക്ഷിച്ചുവയ്ക്കുന്നതിന് അലമാരകൾ തുടങ്ങിയവയുടെ അപര്യാപ്തമാണ്.

## *അക്കാദമിക പരിമിതികൾ*

*മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

*വായനയ്ക്ക് നല്ല പ്രോത്സാഹനം നൽകുന്നു എങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്.

*വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല.

*ഐടി അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് എല്ലാ അധ്യാപകർക്കും ക്ലാസ് പ്രവർത്തനങ്ങൾ ഒരുക്കുന്നതിന് സാധിച്ചിട്ടില്ല.

*എല്ലാ ക്ലാസിലേയും കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടണം. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്.

*ഐ ഇ ഡി കുട്ടികളുടെ പഠന പിന്തുണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.

*കമ്പ്യൂട്ടർ ലാബും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കമ്പ്യൂട്ടറുകളും നിലവിലില്ല.

GLPS KATTAKADA

# പ്രവർത്തന പദ്ധതികൾ

# മലയാളം

**പ്രവർത്തനത്തിന്റെ പേര് : പുസ്തകം എന്റെ ചങ്ങാതി**

**മേഖല : വായന**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക | ലൈബ്രറിക്കു മുന്നിൽ പുസ്തകവും അതിന്റെ പരിചയപ്പെടുത്തലും പ്രദർശിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം രണ്ടു പുസ്തകം | സ്കൂൾ ലൈബ്രറിയേൻ |

**പ്രവർത്തനത്തിന്റെ പേര് : എന്റെ പിറന്നാൾ പുസ്തകം**

**മേഖല : വായന**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

**പ്രവർത്തനത്തിന്റെ പേര് : ഉച്ചഭാഷിണി വായന**

**മേഖല : വായന**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു | ഉച്ചഭാഷിണിയിലൂടെ ഒരു ദിവസം ഒരു കുട്ടിയുടെ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ. |

GLPS KATTAKADA

**പ്രവർത്തനത്തിന്റെ പേര് : വായനാ മൂല**

**മേഖല : വായന**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| മികച്ച വായനശീലം വളർത്തുക റീഡേഴ്സ് തിയേറ്റർ | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ക്ലാസ് മുറികളിൽ പ്രത്യേക വായന കോർണർ ഒരുക്കുക. വായിച്ച കൃതികളെ റീഡേഴ്സ് തിയേറ്ററിലൂടെ അവതരിപ്പിക്കുക | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

**പ്രവർത്തനത്തിന്റെ പേര് : കയ്യെഴുത്തു മാഗസിൻ**

**മേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ ലെയും പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് മാഗസിൻ ഒരിക്കൽ | എല്ലാ ടേമിലും | ക്ലാസ് ടീച്ചർ |

**പ്രവർത്തനത്തിന്റെ പേര് : ക്ലാസ് പത്രം**

**മേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയ വിശേഷങ്ങൾ ക്ലാസിലെ വിശേഷങ്ങൾ പങ്കുവയ്ക്കുന്ന ക്ലാസ് തലത്തിലുള്ള പത്രം ഒരുക്കൽ | 3,4 ക്ലാസുകാർ മാസത്തിലൊന്ന | ക്ലാസ് ടീച്ചർ |

GLPS KATTAKADA

**പ്രവർത്തനത്തിന്റെ പേര് : എന്റെ വായനാക്കുറിപ്പ്**

**മേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെ കുറിച്ച് വായനാക്കുറിപ്പ് മറ്റുള്ളവർക്ക് പരിചയപ്പെടുത്തുന്നതിന് രചന പരിചയക്കുറിപ്പും തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

**പ്രവർത്തനത്തിന്റെ പേര് : രചനോത്സവം**

**മേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | വായിച്ച പുസ്തകങ്ങളുടെയും പാഠഭാഗങ്ങളുടെയും ചുവടുപിടിച്ച് അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി അതിനെ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | വിദ്യാരംഗം |

**പ്രവർത്തനത്തിന്റെ പേര് : സർഗ്ഗവേള**

**മേഖല : സർഗ്ഗാത്മക പ്രകടനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളും താങ്കൾ നേടിയ ശേഷികൾ പ്രകടിപ്പിക്കുന്നതിനുള്ള വേദിയൊരുക്കൽ. | പാഠ്യ പാഠ്യേതര കാര്യങ്ങളിലൂടെ ലഭിച്ച അറിവ് പാടിയും വരച്ചും എഴുതിയും പ്രകടിപ്പിക്കുന്നതിനുള്ള അവസരം നൽകുക | . മാസത്തിൽ ഒരുതവണ | വിദ്യാരംഗം |

GLPS KATTAKADA

# ഇംഗ്ലീഷ്

**പ്രവർത്തനം : ചുറ്റുപാടും ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷാ താത്പര്യം വളർത്തുക | ദൈന്യം ദിന ജീവിതത്തിലും ചുറ്റുപാടും കാണുന്ന എല്ലാ വസ്തുക്കളുടെയും പേരുകൾ ഇംഗ്ലീഷിൽ മനസ്സിലാക്കാൻ ശ്രമിക്കുക. | . ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ. |

**പ്രവർത്തനം : ഇംഗ്ലീഷ് അസംബ്ലി**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകാൻ | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു | . ആഴ്ചയിൽ ഒരുവിധ ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് . |

**പ്രവർത്തനം : ഇംഗ്ലീഷ് ഡയറി 3, 4 ക്ലാസുകളിലേക്ക്**

**മേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്. | ഓരോ ദിവസത്തെയും വിദ്യാലയ/ വീട്ടിലെ അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക | . ആഴ്ചയിൽ രണ്ടുദിവസം | ക്ലാസ് ടീച്ചർ . |

GLPS KATTAKADA

**പ്രവർത്തനം : ഇംഗ്ലീഷ് ബുള്ളറ്റിൻ**

**മേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | ഓരോ മാസവും ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കുക | . ആഗസ്റ്റ് മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് ക്ലബ് |

**പ്രവർത്തനം : റീഡിങ് കാർഡ് വർക്ക് ഷോപ്പ്**

**മേഖല : വായന സാമഗ്രി തയ്യാറാക്കൽ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക വായിക്കുക. കുട്ടികൾക്ക് വായിക്കുന്നതിനുള്ള അവസരം ഒരുക്കുക | ഇംഗ്ലീഷ് റീഡിങ് കാർഡ് നിർമിക്കാൻ. | . ഓരോ ടേമിലും | എസ്. ആർ. ജി |

**പ്രവർത്തനം : വർക്ക് ഷീറ്റ് വർക്ക്ഷോപ്പ്**

**മേഖല : വായന, എഴുത്ത്**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യ നേടുക | ഭിന്ന നിലവാരക്കാരായ കുട്ടികൾക്കായി വർക്ക് സീറ്റുകൾ അധ്യാപകരുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നു | . ഓരോ ടേമിലും | എസ്. ആർ. ജി |

GLPS KATTAKADA

# ഗണിതം

**പ്രവർത്തനം : ഗണിതമൂല**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിത ആശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുന്ന തിന് | എല്ലാ ക്ലാസ് മുറികളിലും ഗണിത മൂലകൾ | . ജൂൺ | ക്ലാസ് ടീച്ചർ |

**പ്രവർത്തനം : ഗണിത വർക്ക് ഷീറ്റ് ശില്പശാല**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| പാഠ്യപദ്ധതി നിർദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കുക | . ഓരോ ടേമിന്റെയും തുടക്കത്തിൽ | എസ് ആർ ജി. |

**പ്രവർത്തനം : ഗണിത മധുരം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കാൻ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം | . ഓഗസ്റ്റ് മുതൽ മാർച്ച് വരെ | എസ് ആർ ജി. |

GLPS KATTAKADA

# പരിസര പഠനം

**പ്രവർത്തനത്തിന്റെ പേര് : എന്റെ പരീക്ഷണം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| പരീക്ഷിച്ചും നിരീക്ഷിച്ചും ശാസ്ത്ര തത്വങ്ങളുടെ നിഗമനങ്ങളിൽ എത്തിച്ചേരുക | ഓരോ ക്ലാസുകാരും കുട്ടികൾക്ക് അനുയോജ്യമായ പരീക്ഷണങ്ങൾ അധ്യാപകർ ക്ലാസിൽ സജ്ജീകരിക്കുന്നു. മൂന്ന് നാല് ക്ലാസിലെ കുട്ടികൾ പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു | . ആഴ്ചയിൽ രണ്ട് ദിവസം കുട്ടികൾ ഓരോ പരീക്ഷണം ചെയ്യുന്നു | ക്ലാസ് ടീച്ചർ |

**പ്രവർത്തനം : ശാസ്ത്ര ബുള്ളറ്റിൻ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക ശാസ്ത്ര മനോഭാവം വികസിപ്പിക്കുക | ഓരോ മാസത്തിലും ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനങ്ങളുടെ ബുള്ളറ്റിൻ മൂന്ന് നാല് ക്ലാസുകളിലെ കുട്ടികൾ തയ്യാറാക്കുന്നു. | . എല്ലാ മാസവും | ശാസ്ത്ര ക്ലബ് |

**പ്രവർത്തനം : പരീക്ഷണ ഉത്സവം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്ര താൽപര്യം വളർത്തുക | കുട്ടികൾ ഒരു വർഷം ചെയ്ത പരീക്ഷണ ക്കുറിപ്പുകളും പരീക്ഷണങ്ങളും ഒരു ദിവസം (ഫെബ്രുവരി 28) രക്ഷിതാക്കൾക്കും സമൂഹത്തിനു മായി പ്രദർശനം | . ആഗസ്റ്റ് മുതൽ ഫെബ്രുവരി വരെ | ക്ലാസ് ടീച്ചർ , ശാസ്ത്ര ക്ലബ്ബ് |

GLPS KATTAKADA

# പ്രവൃത്തിപരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തി പരിചയിനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ. ചന്ദനത്തിരി, പാവ, ഒറിഗാമി തുടങ്ങിയവ | . ജൂൺ മുതൽ സെപ്റ്റംബർ വരെ | പി ടി എ |

**പ്രവർത്തനം : പേപ്പർ ബാഗ് നിർമ്മാണം**

**മേഖല : പ്ലാസ്റ്റിക് രഹിത വിദ്യാലയം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| പരിസ്ഥിതിയോട്. സൗഹൃദം മനോഭാവം പുലർത്തുക | ക്ലാസ് മുറികളിൽ കുഞ്ഞുങ്ങളുടെ സാധനങ്ങൾ സൂക്ഷിച്ചുവയ്ക്കുന്നതിനായുംക്ലാസുകളിൽ മാലിന്യം ശേഖരിക്കുന്നതിനു,മായി പേപ്പർ ബാഗുകൾ വേസ്റ്റ് ബാസ്ക്കറ്റ് എന്നിവ നിർമ്മിക്കുക | ജൂൺ | പി ടി എ |

GLPS KATTAKADA